## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 416     24-01-2018 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഓഖി ചുഴലിക്കാറ്റ് ദുരന്തം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും എത്ര തുക ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ; | എ) | സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ 2016-17 സാമ്പത്തിക വർഷം 194 കോടി രൂപയും (145.50 കോടി – കേന്ദ്ര വിഹിതം, 48.50 കോടി – സംസ്ഥാന വിഹിതം), 2017-18 സാമ്പത്തിക വർഷത്തിൽ 204 കോടി രൂപയും (153 കോടി - കേന്ദ്ര വിഹിതം, 51 കോടി – സംസ്ഥാന വിഹിതം) വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ കഴിഞ്ഞ വർഷം ചെലവഴിക്കാൻ സാധിക്കാതെ surrender ചെയ്ത തുകയും കൂടി ധനകാര്യ വകുപ്പ് 2017-18 സാമ്പത്തിക വർഷത്തിലേയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനു പുറമേ "2245-80-800-80-Other Miscellaneous Relief Expenditure" എന്ന ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 2016-17 സാമ്പത്തിക വർഷം 7,44,00,000/- രൂപയും, 2017-18 സാമ്പത്തിക വർഷം 5,00,00,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമേ ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 133 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ നേരിട്ട വരൾച്ചയുമായി ബന്ധപ്പെട്ട് 112.50 കോടി രൂപയും, കടിവെള്ള വിതരണത്തിനായി (Special component of National Rural Drinking Water Programme (NRDWP)) 14.42 കോടി രൂപയും അനുവദിക്കുന്നതിന് 'അംഗീകാരം നൽകിയിട്ടുള്ളതായി' കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | അനുബന്ധമായി ചേർക്കുന്നു. (വിവിധ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ) |

| | | | |
|---|---|---|---|
| സി) | സംസ്ഥാനത്തിന്റെ എസ്.ഡി.ആർ.എഫ്.-ൽ നിന്ന് ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുകചെലവഴിച്ചെന്നും ഇനി എത്ര തുക മിച്ചമുണ്ടെന്നും വിശദീകരിക്കാമോ? | സി) | 2016-17 സാമ്പത്തിക വർഷം 15,23,30,22,734/- രൂപ ചെലവാക്കുകയുണ്ടായി. 2017-18 സാമ്പത്തിക വർഷം 2,43,60,66,577/- രൂപ വിവിധ ശീർഷകങ്ങളിലായി ബന്ധപ്പെട്ട കലക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിലവിൽ 35,83,84,423/- രൂപയും (കളക്ടർമാരുടെ കൈവശമുള്ള തുക കിഴിച്ചിട്ടുള്ള തുക) ഓഖി ദുരിതാശ്വാസത്തിന് അനുവദിച്ച 133 കോടി രൂപയും ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Sl No. | Head of Account |
|---|---|
| 1 | 2245-01-101-99 -D-Agri Crop Loss |
| 2 | 2245-01-101-98-D -Food & Clothing |
| 3 | 2245-01-102-99-D -Drinking Water Supply |
| 4 | 2245-02-101-98-F-Food & Clothing |
| 5 | 2245-02-101-96 F-Supply Of Medicines |
| 6 | 2245-02-101-95-F-Agri Crop Loss |
| 7 | 2245-02-101-94- F-Other Items |
| 8 | 2245-02-102-99-F-Drinking Water Supply |
| 9 | 2245-02-105-99-F-Veterinary Care |
| 10 | 2245-02-106-99-F-Restoration of Damaged Roads |
| 11 | 2245-02-107-99-F-Repairs to Govt Office Building |
| 12 | 2245-02-110-99-F-Repairs of damaged water supply schemes |
| 13 | 2245-02-111-99- Exgratia to bereaved families |
| 14 | 2245-02-112-99-F-Evacuation of population |
| 15 | 2245-02-113-99 -F-Repair to Damaged Houses |
| 16 | 2245-02-115-99 F-Assistance To Farmers to Clear Salt /Silt |
| 17 | 2245-02-118-99-00-00-00-F-Repair and Replacement of damaged Fishing Boats |
| 18 | 2245-02-114-99-F-Assistance to farmers to purchase Agri inputs |
| 19 | 2245-02-119-99-F- Assistance for Artisans for repair/replacement of damaged tools |
| 20 | 2245-02-122-99-F-Repair/Replacement of damaged irrigation works |
| 21 | 2245-80-800-80 Other Miscellaneous Relief Expenditure |
| 22 | 2245-01-105-99-D-Veterinary care |
| 23 | 2245-02-800-96-F-Exgratia to injured persons |